ടെൻഡർ നമ്പർ : എ-2/6387/2023/എസ്.എസ്.കെ. തിയതി : 28 .03.2024

## ടെണ്ടർ പരസ്യം

സമഗ്രശിക്ഷാ കേരളം സംസ്ഥാന കാര്യാലയത്തിലെ സെപ്റ്റിക് ടാങ്ക് മാറ്റി പുതിയ ടാങ്ക് പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി പ്രവൃത്തി പൂർത്തിയാക്കി നൽകുന്നതിന് അംഗീകൃത ഏജൻസികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾ ചുവടെ പറയുന്ന സ്പെസിഫിക്കേഷൻ/ നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം സമർപ്പിക്കേണ്ടത്.

**സ്പെസിഫിക്കേഷൻ/നിബന്ധനകൾ**

| Item | Septic Tank |
|---|---|
| Category | 125-150 Flush |
| Size | 2600X1750X1550MM |
| Color | Terracotta |
| Unit | 1 Nos |
| Description | Cost-effective septic tanks that are leak –free and hinders Mosquito breeding. The tanks designed specifically for longevity and durability must be provided. Single Layered Easy to Clean Durable and cost effective Fitted with inlet and outlet provisions are to be provided |
| Guarantee | Ten years to be provided by the manufacturer |
| MANHOLE SIZE | - 1.2M X 1.20M X 2M (LBH)<br>Circular ring or with 1.20M. dia & 2M depth |

1. സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ച് നൽകുന്നതിന് അനുവദിക്കുന്ന പരമാവധി തുക 1,40,000/-.
2. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും 22.04.2024 സമയം 5.00 PM
3. ടെണ്ടർ തുറക്കുന്ന തീയതിയും 23.04.2024 സമയം : 2.00 PM
4. കവറിനു മുകളിൽ 'സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ടെണ്ടറിനൊപ്പം പരമാവധി അനുവദിക്കുന്ന തുകയുടെ (1,40,000/) 2.5% EMD ആയി നൽകേണ്ടതാണ്.

5. EMD സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളയുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ദേശവൽകൃത ബാങ്കിൽ നിന്നുള്ള ഡി.ഡി. ആയി ടെണ്ടറിനൊപ്പം നൽകേണ്ടതാണ്.
6. സർക്കാർ, EMD/സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ അപ്രകാരം ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ടെണ്ടറിനൊപ്പം നൽകേണ്ടതാണ്.
7. ടെണ്ടറിൽ വിജയിക്കാത്ത സ്ഥാപനങ്ങളുടെ EMD ഉടൻ തിരികെ നൽകുന്നതാണ്.

8. ടെണ്ടറിൽ വിജയിക്കുന്ന സ്ഥാപനം/ഏജൻസി/വ്യക്തി ടെണ്ടർ തുകയുടെ 5% (EMD തുക ഉൾപ്പടെ) സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. എഗ്രിമെന്റ് പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്ത പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതാണ്.

9. സെക്യൂരിറ്റി ഡെപ്പോസിറ്റ് താഴെ പറയുന്ന ഏതെങ്കിലും രീതിയിൽ നൽകാവുന്നതാണ്.

   a. ക്യാഷ്

   b. ദേശസാൽകൃത ബാങ്കുകളിൽ നിന്നുള്ള ഡി.ഡി.

   c. ട്രഷറി സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ്

   d. പോസ്റ്റ്ഓഫീസ് സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ്

10. EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയ്ക്ക് പലിശ ലഭിക്കുന്നതല്ല.

11. വർക്ക് ഓർഡർ ലഭിച്ച ശേഷവും സെക്യൂരിറ്റി ഡെപ്പോസിറ്റ്, എഗ്രിമെന്റ് എന്നിവ നൽകാത്ത പക്ഷം EMD തുക കണ്ടുകെട്ടുന്നതാണ്.

12. ടെണ്ടറിൽ വിജയിക്കുന്ന സ്ഥാപനങ്ങൾ GST, PAN നമ്പർ എന്നിവ നൽകേണ്ടതാണ്.

13. ടെണ്ടർ ഫീസ് 280/- (0.2% of 1,40,000/-)

ടെണ്ടർ തുറക്കുന്ന സമയത്ത് ടെണ്ടർ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെയോ ഏജൻസികളുടെയോ വ്യക്തികളുടെയോ ഉത്തരവാദിത്വപ്പെട്ട പ്രതിനിധികൾക്ക് ഹാജരാകാവുന്നതാണ്. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം/ഏജൻസി/വ്യക്തി സമഗ്രശിക്ഷാ കേരളം സംസ്ഥാന പ്രോജക്ട് ഡയറക്ടർക്ക് 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതും തുടർന്ന് യുദ്ധകാലടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. കൃത്യതയോടെ അല്ലാതെയും വൈകിയും ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ഏതൊരു ടെണ്ടറും യാതൊരു കാരണവും വിശദീകരിക്കാതെ നിരസിക്കുന്നതിനുള്ള അവകാശം ചുവടെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്. നിബന്ധനകൾ/സ്പെസിഫിക്കേഷനുകൾ പാലിക്കാത്ത പ്രവർത്തികൾക്ക് പണം അനുവദിക്കുന്നതല്ല.

സെപ്റ്റിക് ടാങ്ക് നിർമാണം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ സമഗ്രശിക്ഷാ, കേരളം സംസ്ഥാന പ്രോജക്ട് ഓഫീസ് കാര്യാലയത്തിൽ നിന്നും ലഭ്യമാകുന്നതാണ്. (Ph No. 0471-2320352)

ടെണ്ടറുകൾ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്രശിക്ഷാ, കേരളം എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കത്തക്ക വണ്ണം സമർപ്പിക്കേണ്ടതാണ്. GST അടക്കമുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ യാതൊരു കാരണവശാലും ആവശ്യപ്പെടാൻ പാടില്ലാത്തതും അപ്രകാരം തുക വർധിപ്പിച്ചു നൽകുന്നതുമല്ലാത്തതുമാകുന്നു.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി